**Department of Tourism**
Park View Thiruvananthapuram 695 033
Kerala India Fax: +91-471-2322279
Tel: +91-471-2326579 2321132
Email: info@keralatourism.org
marketing@keralatourism.org
www.keralatourism.org

**പത്രക്കുറിപ്പ്** **31.03.2022**

**ഓരോ പഞ്ചായത്തും ടൂറിസം കേന്ദ്രങ്ങളുടെ ചുമതലക്കാരാകും-പി എ മുഹമ്മദ് റിയാസ്**

- **സ്ട്രീറ്റ് പദ്ധതിക്ക് തുടക്കമായി**



**പാലക്കാട്:** പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്താനുള്ള ഡെസ്റ്റിനേഷൻ ചലഞ്ചിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വിനോദ സഞ്ചാര മേഖലയുടെ പ്രധാന ചുമതലക്കാരായി മാറുമെന്ന് ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന 'സ്ട്രീറ്റ്' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തൃത്താല വെള്ളിയാങ്കല്ല് ഡി ടി പി സി പാർക്കിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കാണുന്നത് മാത്രമല്ല അനുഭവിച്ചറിയുന്നത് കൂടിയാണ് ടൂറിസമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച നിയമസഭാ സ്പീക്കർ ശ്രീ എം ബി രാജേഷ് പറഞ്ഞു. കലയും സംസ്കാരവും ജീവിതവും കാർഷികവൃത്തിയും ചേരുന്നതാണ് പുതിയ ടൂറിസം കാഴ്ചപ്പാടെന്നും അദ്ദേഹം പറഞ്ഞു.

ഇതു വരെ ടൂറിസം സാധ്യതകൾ എത്താത്ത സ്ഥലങ്ങൾ പരമാവധി കണ്ടെത്തുകയാണ് ഡെസ്റ്റിനേഷൻ ചലഞ്ച് കൊണ്ടുദ്ദേശിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ഇതോടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഒരു ടൂറിസം കേന്ദ്രമെങ്കിലും ഉണ്ടാകും. ഇതിന്റെ സംരക്ഷണവും അതിൽ നിന്നുള്ള വരുമാനവും ഗ്രാമപഞ്ചായത്തുകൾക്ക് വലിയ മുതൽക്കൂട്ടാകും.

വിനോദ സഞ്ചാര മേഖലയുടെ ജനകീയ വൽക്കരണമാണ് ഈ സർക്കാരിന്റെ ലക്ഷ്യം.അതിന് ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ട്രീറ്റ് പദ്ധതി മാറും. ജനങ്ങളിലേക്ക് ടൂറിസം എത്തിയാൽ അവർ ടൂറിസത്തിന്റെ സംരക്ഷകരാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

Department of Tourism
Park View Thiruvananthapuram 695 033
Kerala India Fax: +91-471-2322279
Tel: +91-471-2326579 2321132
Email: info@keralatourism.org
marketing@keralatourism.org
www.keralatourism.org

യു എൻ ഡബ്ല്യു ടി ഒ യുടെ ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത് എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 10 പ്രദേശങ്ങളിലാണ് സ്ട്രീറ്റ് പദ്ധതി നടപ്പാക്കുന്നത്. അതിൽ പാലക്കാട് ജില്ലയിൽ നിന്ന് തൃത്താല, പട്ടിത്തറ പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. . കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം, ഇടുക്കി, വയനാട് എന്നീ ജില്ലകളിലാണ് ആദ്യഘട്ടമായി പദ്ധതി നടപ്പാക്കുന്നത്.

സസ്റ്റൈനബിൾ (സുസ്ഥിരം), ടാഞ്ചിബിൾ (കണ്ടറിയാവുന്ന), റെസ്പോൺസിബിൾ (ഉത്തരവാദിത്തമുള്ള) എക്സ്പീരിയൻഷ്യൽ (അനുഭവവേദ്യമായ), എത്നിക്ക് (പാരമ്പര്യ തനിമയുള്ള ) ടൂറിസം ഹബ്സ് (വിനോദ സഞ്ചാര കേന്ദ്രങ്ങൾ) എന്നതിന്റെ ചുരുക്കെഴുത്താണ് സ്ട്രീറ്റ്. ഓരോ പ്രദേശത്തും സാധ്യതക്കനുസരിച്ച് ഗ്രീൻ സ്ട്രീറ്റ്, കൾച്ചറൽ സ്ട്രീറ്റ്, എത്നിക് ക്യൂസിൻ/ ഫുഡ് സ്ട്രീറ്റ്, വില്ലേജ് ലൈഫ് എക്സ്പീരിയൻസ്/ എക്സ്പീരിയൻഷ്യൽ ടൂറിസം സ്ട്രീറ്റ്, അഗ്രി ടൂറിസം സ്ട്രീറ്റ്, വാട്ടർ സ്ട്രീറ്റ്, ആർട്സ് സ്ട്രീറ്റ് എന്നിങ്ങനെയുള്ള സ്ട്രീറ്റുകൾ നിലവിൽ വരും.

ഗ്രാമീണജീവിതത്തെ ഒട്ടും അലോസരപ്പെടുത്താതെയും പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തിയുമാണ് പദ്ധതി നടപ്പാക്കുന്നത്. സഞ്ചാരികൾക്ക് ഗ്രാമീണജീവിതത്തിന്റെയും ഗ്രാമീണ സംസ്കാരത്തിന്റെയും അനുഭവം ലഭ്യമാകും. തദ്ദേശീയജനതക്ക് അതുവഴി വരുമാനവും ലഭിക്കും.

ഉദ്ഘാടന ചടങ്ങിൽ ശ്രീ ഇ ടി മുഹമ്മദ് ബഷീർ എം പി മുഖ്യാതിഥിയായി. ജില്ലാ കളക്ടർ മൃണ്മയ് ജോഷി മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ. ബിനുമോൾ ആശംസയറിയിച്ചു. ഉത്തരവാദിത്ത മിഷൻ സംസ്ഥാന കോ-ഓർഡിനേറ്റർ കെ രൂപേഷ് കുമാർ സ്വാഗതവും ഡി ടി പി സി സെക്രട്ടറി ശ്രീ എസ്. വി. സിൽബർട്ട് ജോസ് നന്ദിയും അറിയിച്ചു.
ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ എസ് അനിൽകുമാർ, ഉത്തരവാദിത്ത ടൂറിസം മിഷൻ പാലക്കാട് ജില്ലാ കോ-ഓർഡിനേറ്റർ ശ്രീ അരുൺകുമാർ എന്നിവർ ആശംസാപ്രസംഗം നടത്തി. ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ, വാർഡംഗങ്ങൾ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു.

ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് നാടൻപാട്ട്, പഞ്ചവാദ്യം എന്നിവ അരങ്ങേറി.